## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5480** **27.03.2018 -ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ നിരീക്ഷണ സമിതികൾക്ക് ലഭിച്ച അപേക്ഷകൾ**

| ചോദ്യം<br>ശ്രീ.ഡി.കെ.മുരളി | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം തയ്യാറാക്കിയ ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ടത് പരിഹരിക്കണമെന്ന ആവശ്യവുമായി വാമനപുരം നിയോജക മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിൽ നിന്നും പ്രാദേശിക നിരീക്ഷണ സമിതികൾ മുൻപാകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (എ) വാമനപുരം നിയോജക മണ്ഡലത്തിലെ 9 പഞ്ചായത്തുകളിൽ നിന്നും 1352 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.<br>പാങ്ങോട് - 70<br>പെരിങ്ങമ്മല - 101<br>പുല്ലമ്പാറ - 51<br>നെല്ലനാട് - 176<br>വാമനപുരം - 208<br>കല്ലറ - 65<br>നന്ദിയോട് - 295<br>പനവൂർ - 20<br>ആനാട് - 366 |
| (ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) പ്രാദേശികതല നിരീക്ഷണസമിതി കൺവീനർ മാർക്ക് ലഭിച്ച അപേക്ഷകൾ സ്ഥലപരിശോധനയുടെയും KSREC-ന്റെ ഉപഗ്രഹചിത്രങ്ങളുടെയും അടിസ്ഥാനത്തിൽ തീർപ്പാക്കി വരികയാണ്. പുല്ലമ്പാറ പഞ്ചായത്തിലെ മുഴുവൻ അപേക്ഷകളുടെ ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ചുള്ള പരിശോധന KSREC പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ആനാട് , പനവൂർ പഞ്ചായത്തിൽ ലഭ്യമായ അപേക്ഷകളിൽ ഫീൽഡ് പരിശോധന നടന്നു വരുന്നു. ബാക്കിയുള്ള 6 പഞ്ചായത്തുകളിൽ തീർപ്പാക്കിയ അപേക്ഷകൾ സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.<br>പാങ്ങോട് - 20<br>പെരിങ്ങമ്മല - 10<br>നെല്ലനാട് - 40<br>വാമനപുരം - 5<br>കല്ലറ - 45<br>നന്ദിയോട് - 12 |

Sunilkumar

**സെക്ഷൻ ഓഫീസർ**